ഖുത്ബ
6.8.2004
ബയ്ത്തുൽ ഫുത്തൂഹ്
ലണ്ടൻ.

بسم الله الرحمن الرحيم

# അല്ലാഹു നമ്മെ നന്ദികാണിക്കുന്ന ദാസരാക്കിത്തീർക്കുമാറാകട്ടെ.

അൽഹംദുലില്ലാഹ്. യു.കെ അഹ്മദിയ്യാ ജമാഅത്തിന്റെ വാർഷിക ജൽസ അല്ലാഹുവിന്റെ അസംഖ്യം ഫള്ലുകളുമായി വന്നു. അല്ലാഹുവിന്റെ അസംഖ്യം ഫള്ലും ബർക്കത്തും വിതരണം ചെയ്ത് പോകുകയും ചെയ്തു. ആത്മീയമായ അവസ്ഥ അനുഭവിച്ചുകൊണ്ടിരിക്കുന്നതായി പലരും കത്തു മുഖേനയും നേരിട്ടും അറിയിക്കുകയുണ്ടായി. ഈ ആത്മീയാവസ്ഥ താല്ക്കാലികമായിപ്പോകാതിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. പ്രത്യുത എന്നെന്നും നിലനില്ക്കുന്നതും അനശ്വരവുമായിരിക്കുമാറാകട്ടെ. നാം സ്വരൂപിച്ചെടുത്ത അല്ലാഹുവിന്റെ ഫള്ലുകളെ നമ്മുടെ ജീവിതത്തിൽ നടപ്പിൽ വരുത്താനും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

താല്ക്കാലികമായി മാത്രം സ്വാധീനമുണ്ടാക്കുകയും യോഗസ്ഥലത്ത് നിന്ന് എഴുന്നേറ്റുടനെ അപ്രത്യക്ഷമാകുകയും ചെയ്യുന്ന ആവേശകരമായ പ്രസംഗങ്ങളെപ്പോലെയാകരുത് പ്രസംഗകരുടെ പ്രസംഗങ്ങൾ. മനുഷ്യൻ, ആവേശകരമായ പ്രസംഗലോകത്തും അതിന്റെ നടത്തത്തിലും മുഴുകിപ്പോകുന്നവനായിത്തീരാറുണ്ട്.

പുരോഗമിക്കുന്നവരും പരിവർത്തനമുണ്ടാക്കുമെന്ന് വാദിക്കുന്നവരുമായ ജനതകളുടെ പ്രവർത്തനരീതി ഇങ്ങനെയായിരിക്കുകയില്ല. അവർ ഒരു പ്രവൃത്തി ചെയ്യുമെന്ന ദൃഢനിശ്ചയത്തോടെ എഴുന്നേല്ക്കുമ്പോൾ, അതിനെ പാരമ്യതയിലെത്തിക്കാനും പരിശ്രമിക്കുന്നു. എന്നാൽ ദൈവിക ജമാഅത്തുകൾക്ക് മറ്റൊരു പ്രത്യേകത കൂടിയുണ്ട്.

അവരുടെ സ്വന്തം പുരോഗതികൾ തന്നെ, അവരുടെ ഏതെങ്കിലും കഴിവുകൊണ്ടോ പരിശ്രമം കൊണ്ടോ ഗുണവിശേഷങ്ങൾ കൊണ്ടോ ഉണ്ടായതായി അവർ കാണുകയില്ല. അതെല്ലാം അല്ലാഹുവിന്റെ ഫള്ലുകൊണ്ടാണെന്നും തങ്ങളുടെ കഴിവുകൊണ്ടല്ലെന്നും അവർക്ക് നന്നായിട്ടറിയാം. ജമാഅത്ത്, ജമാഅത്ത് എന്ന നിലയിലും ജമാഅത്തംഗങ്ങൾ വ്യക്തിഗതമായ നിലയിലും ഈ അനുഗ്രഹങ്ങൾ കണ്ടുകൊണ്ട് അല്ലാഹുവിന് ശുക്ർ ചെയ്യുന്നു. അവന്റെ മുമ്പിൽ പ്രണമിക്കുന്നു. അവന്റെ മുമ്പിൽ താഴ്മയോടെ യാചിക്കുന്നു. അല്ലാഹുവേ, നീ എത്രമാത്രം അനുഗ്രഹങ്ങൾ ഞങ്ങളിൽ ചൊരിഞ്ഞുവോ, അത് മഴത്തുള്ളികൾപ്പോലെ വർഷിച്ചുകൊണ്ടിരിക്കുകയുമാണ്, ഞങ്ങളുടെ ഏതെങ്കിലും പിഴവുകളോ അനുചിതമായ പ്രവൃത്തിയോ അനർഹതയോ കാരണത്താൽ അത് തടയപ്പെടരുതേ. അതുകൊണ്ട് നിന്നോടുള്ള നന്ദി കാണിക്കുന്നതിന് ഞങ്ങൾക്ക് തൗഫീഖും ശക്തിയും പ്രദാനം ചെയ്യുകയും ഞങ്ങളിൽ കൂടുതൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ. കാരണം നന്ദികാണിക്കുന്നതിനുള്ള കഴിവും അല്ലാഹുവേ, നിന്നിൽ നിന്നാണ് ലഭിക്കുന്നത്. ഇങ്ങനെ ചിന്തിക്കുകയും, ഇപ്രകാരം ദുആ ചെയ്യുകയും ചെയ്യുമ്പോൾ *ലയിൻ ശകർത്തും ല അസീദന്നക്കും* എന്ന അല്ലാഹുവിന്റെ പ്രിയപ്പെട്ട വാഗ്ദാനത്തിനും തൃപ്തിയ്ക്കും നാം അർഹരായിത്തീരുന്നതാണ്; നിങ്ങൾ നന്ദികാണിക്കുകയാണെങ്കിൽ ഞാൻ തീർച്ചയായും നിങ്ങൾക്ക് അനുഗ്രഹം വർധിപ്പിച്ചുതരുന്നതാണ്.

എന്നെന്നും അല്ലാഹുവിനോട് നന്ദി കാണിച്ചുകൊണ്ട് ഈ വാഗ്ദാനത്തിനും ഈ പ്രഖ്യാപനത്തിനും അർഹരായിത്തീരാൻ അവൻ നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. നന്ദികേടുകാണിക്കുന്നവരിൽപ്പെട്ടുകൊണ്ട് അല്ലാഹുവിന്റെ വെറുപ്പിന് കാരണക്കാരായിത്തീരാതിരിക്കട്ടെ. കാരണം തുടർന്ന് അല്ലാഹു പറയുന്നതുപോലെ: *വലയിൻ കഫർത്തും ഇന്ന അദാബീ ല ശദീദ്.* നിങ്ങൾ നന്ദികേടുകാണിക്കുന്ന പക്ഷം എന്റെ ശിക്ഷ കഠിനതരമായിരിക്കും.(14:8)

അതുകൊണ്ടു എപ്പോഴും നന്ദികാണിക്കുന്നവരിൽപ്പെട്ടുകൊണ്ടിരിക്കുക. നന്ദികാണിക്കാനുള്ള ഒരുപാട് അവസരങ്ങൾ മനുഷ്യന് കിട്ടികൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ സത്യവിശ്വാസികളായ ദാസർ തങ്ങളുടെ ഓരോ പ്രവൃത്തിയും തീരുമ്പോഴും, ഓരോ ഫലവും കിട്ടുമ്പോഴും ഓരോ അഭിവൃദ്ധി ഉണ്ടാകുമ്പോഴും അത് അല്ലാഹുവിൽനിന്നാണെന്ന് പറയുന്നവരാണ്. അതിന് അല്ലാഹുവിനോട് നന്ദി കാണിക്കുകയും ചെയ്യുന്നു. എപ്പോഴും നന്ദിയുള്ള ദാസരായിരിക്കുന്നു. ബ്രിട്ടനിലെ വാർഷിക ജൽസ കഴിഞ്ഞ ഞായറാഴ്ച സമാപിച്ചു. ഞാൻ പറഞ്ഞതുപോലെ അഹ്മദികൾ ഇതിൽനിന്ന് ഫലമെടുത്തു. എന്നാൽ, ഈ ഫലം നാം ഓരോരുത്തരും അല്ലാഹുവിനോട് നന്ദികാണിച്ചുകൊണ്ടിരിക്കുവോളം

തുടർന്നുകൊണ്ടിരിക്കുന്നതാണ്.

ജൽസയുടെ ആദ്യനടപടി എന്നുപറയുന്നത് അതിനുള്ള ഏർപ്പാടു ചെയ്യലാണ്. അതുകൊണ്ട് സംഘാടകർ ആദ്യമായി അല്ലാഹുവിന് ശുക്ർ ചെയ്യേണ്ടതാണ്; അവൻ ചെയ്തുതന്ന ഔദാര്യങ്ങൾക്ക് അവന്റെ മുമ്പിൽ കൂടുതൽ കുനിയേണ്ടതാണ്. എല്ലാ പ്രവർത്തനങ്ങളും നല്ല ഭംഗിയായി അവസാനിച്ചു. സേവനം ചെയ്യാൻ അല്ലാഹു അവർക്ക് തൗഫീഖ് നല്കി. ധാരാളം ന്യൂനതയുള്ളവരും അയോഗ്യരുമായിട്ടും അവൻ അതെല്ലാം മറച്ചുവെച്ച് ഈ ജൽസയെ അതിന്റെ സമാപനത്തിലെത്തിച്ചു. ഇങ്ങനെ നമ്മുടെ ന്യൂനതകളെ നോക്കിക്കണ്ട്, അല്ലാഹുവിനോട് നന്ദികാണിച്ചുകൊണ്ട് നമ്മൾ അവന്റെ മുമ്പിൽ കുനിയുമ്പോൾ, അവന്റെ ഈ അനുഗ്രഹം അവന്റെ വാഗ്ദാനമനുസരിച്ച് ഭാവിയിൽ ആദ്യത്തെക്കാളധികം നമ്മളിൽ ഇറങ്ങുന്നതാണ്. ആ അനുഗ്രഹങ്ങളെ അനുസ്മരിച്ചുകൊണ്ട് എല്ലാ പ്രവർത്തകരും അതിഥികളോടും നന്ദിരേഖപ്പെടുത്തേണ്ടതാണ്; കാരണം അതിഥികൾ അവരോട് നല്ല വണ്ണം സഹകരിച്ചു. അവർ ആതിഥേയത്വത്തിന്റെ കുറവുകളെ അവഗണിക്കുകയും ഒരുതരത്തിലുള്ള പരാതിയും കുറ്റവും പറയാതിരിക്കുകയും ചെയ്തു. ഇക്കാരണത്താൽ പ്രവർത്തകർ അതിഥികളോട് നന്ദി കാണിക്കേണ്ടതാണ്. അല്ലാഹുവിനോടും കൂടുതൽ നന്ദിയുള്ളവരായിരിക്കേണ്ടതാണ്; കാരണം അവനാണ് നമുക്കുവേണ്ടി അതിഥികളുടെ ഹൃദയങ്ങളെ മൃദുവാക്കിവെച്ചത്. അതിഥികളും നന്ദിയുള്ളവരായിരിക്കേണ്ടതാണ്. അവരിവിടെ സുഖകരമായ നിലയിൽ താമസിക്കുകയും, ഒരുതരത്തിലുള്ള ബുദ്ധിമുട്ടുകളും അല്ലെങ്കിൽ, കൂടുതൽ ബുദ്ധിമുട്ടുകൾ അവർക്കിവിടെ ഉണ്ടാകാത്തവിധത്തിൽ സംഘാടകർ എല്ലാം ഒരുക്കുകയും ചെയ്ത കാരണത്താൽ അവർ സംഘാടകരോട് നന്ദികാണിക്കേണ്ടതാണ്. ചെറിയവർ മുതൽ വയസ്സായ ആളുകൾവരെ എല്ലാവരും ഇതിനുവേണ്ടി പ്രവർത്തിച്ചവരാണ്. അവരിലർപ്പിതമായ ജോലികൾ അവർ നല്ലനിലയിൽ നിർവഹിച്ചു. തങ്ങളുടെ കടമകൾ നിറവേറ്റി. അതിഥികൾക്ക് നല്ല സുഖസൗകര്യങ്ങളൊരുക്കാൻ ശ്രമിച്ചു. അതുകൊണ്ട് അതിഥികളും നന്ദിരേഖപ്പെടുത്തുക എന്ന നിലയിൽ ഈ എല്ലാ പ്രവർത്തകർക്കുവേണ്ടിയും അവരുടെ ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിയ്ക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. ജൽസയ്ക്കു മുമ്പേ മൂന്നു നാല് ആഴ്ചകളിൽ, ചില പ്രവർത്തകർ രാവും പകലും ഒന്നാക്കിക്കൊണ്ട് തങ്ങളുടെ നിർബന്ധകാര്യങ്ങൾപോലും വിസ്മരിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥികൾക്ക് ഏറ്റവും നല്ല സൗകര്യങ്ങളൊരുക്കാൻ പ്രവർത്തിച്ചുകൊണ്ടിരുന്നു. ജൽസയുടെ ദിനങ്ങളിലും സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന വലിയൊരു പ്രവർത്തകസംഘം തന്നെ സേവനരംഗത്ത് പ്രവർ ത്തിക്കുകയുണ്ടായി. തങ്ങളുടെ സുഖവും തങ്ങളുടെ ഭക്ഷണവും ഒന്നും അവർ ഗൗനിച്ചില്ല. ഈ സേവന താല്പര്യമനുസരിച്ച് പ്രവർത്തകമാർ തങ്ങളുടെ കുട്ടികളെ - ഉമ്മമാരും ഇതിൽ പങ്കെടുത്തിരുന്നു - മറ്റുള്ളവരെ ഏല്പിക്കുകയോ, വീട്ടിലിരുത്തുകയോ ചെയ്തിട്ട് വരികയുണ്ടായി. കുട്ടികളുടെ കാര്യങ്ങൾ നോക്കുന്നതിനെക്കാൾ, അതിഥികൾക്ക് സൗകര്യമൊരുക്കുന്നതിൽ അവർ വ്യാപൃതരായി. കുട്ടികളെ നോക്കുന്നവർ അവരെ നല്ലവണ്ണം നോക്കുന്നുണ്ടോ എന്നുപോലും അവർ നോക്കിയില്ല. അതുകൊണ്ട് അതിഥികൾ അല്ലാഹുവിന് ശുക്ർ ചെയ്യുന്നതിനോടൊപ്പം ഈ പ്രവർത്തകരോടും നന്ദി കാണിക്കേണ്ടതാണ്. കാരണം മനുഷ്യരോട് നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കാത്തവനാണെന്ന് ഹദീസിൽ വന്നിരിക്കുന്നു. ഈ നന്ദികാണിക്കുന്നതിന് ഏറ്റവും ഉത്തമമായ മാർഗ്ഗം ഞാൻ പറഞ്ഞതുപോലെ ആ എല്ലാ പ്രവർത്തകർക്കും വേണ്ടി അല്ലാഹുതആല അവർ ചെയ്ത ഈ സേവനത്തിന് നല്ല പ്രതിഫലം അവർക്കു നല്കുന്നതിനുവേണ്ടി ദുആ ചെയ്യുക എന്നതാണ്. ഈ അധ്വാനത്തെ എപ്പോഴും സ്നേഹ ദൃഷ്ടിയോടെ നോക്കുമാറാകട്ടെ.

അതിഥികൾ അവരുടെ സ്നേഹിതന്മാരോടും ബന്ധുക്കളോടും സഹോദരങ്ങളോടും നന്ദികാണിക്കേണ്ടതാണ്. കാരണം അവർ തങ്ങളുടെ വീട്ടിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥികളെന്ന നിലയിൽ നിങ്ങളെ താമസിപ്പിച്ചു. അവർക്കുവേണ്ടി പ്രത്യേകം ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. തങ്ങളുടെ വീട്ടിൽ അതിഥികളെ താമസിപ്പിച്ച ആ സുഹൃത്തുക്കൾക്കെല്ലാം അല്ലാഹു പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ സന്താനങ്ങളിലും സമ്പത്തിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. നന്ദിരേഖപ്പെടുത്തുക എന്ന അന്തരീക്ഷം ഉണ്ടാകുമ്പോൾ, പരസ്പരം ദുആ ചെയ്യുകയും ദുആ നടന്നുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ഇതുതന്നെയാണ് ഈ ലോകത്തെ സ്വർഗ്ഗം. ഇതിൽ പരസ്പരം നന്മനിറഞ്ഞതും പരിശുദ്ധമായതുമായ വികാരത്തോടെയുള്ള നന്ദിയല്ലാതെ മറ്റൊന്നും തന്നെയില്ല. ഈ നന്ദിയുടെ പരമ്പര എന്നെന്നേക്കുമായി നിലവിൽ വരുമ്പോൾ, അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ പരമ്പരയും ഇൻശാഅല്ലാഹ് എപ്പോഴും തുടർന്നുകൊണ്ടിരിക്കും.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അലി (റ) നിവേദനം ചെയ്യുന്നു. നിഅ്മത്ത് ശുക്റുമായി ബന്ധപ്പെട്ടതാണ്. ശുക്റിന്റെ ഫലമായി കൂടുതൽ നല്കപ്പെടുന്നു. ഇതു രണ്ടും ഒരേയൊരു മാലയിൽ കോർത്തിട്ടുള്ളതാണ്. അല്ലാഹുവിൽനിന്ന് കൂടുതൽ നല്കപ്പെടുന്ന ഈ പരമ്പര മനുഷ്യൻ നന്ദി കാണിച്ചുകൊണ്ടിരിക്കുവോളം തുടരുന്നതാണ്.

നോക്കുക. അല്ലാഹു എപ്പോഴും ഏതെങ്കിലും

രീതിയിൽ തയ്യാറായിരിക്കുകയാണ്. നിങ്ങൾ നന്ദി കാണിക്കുക. എന്നാൽ അല്ലാഹു തന്നുകൊണ്ടേയിരിക്കും. നിങ്ങളുടെ സഹോദരങ്ങളോടും തന്നോടും നന്ദികാണിക്കാൻ അല്ലാഹു തആല പറയുന്നു. അങ്ങനെയായാൽ തന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കായിക്കൊണ്ടിരിക്കുമെന്നും പറയുന്നു. അതായത് അല്ലാഹുവിനോടുള്ള നന്ദിയും അവന്റെ അനുഗ്രഹങ്ങളും ഒരു മാലയിൽ കോർത്തിരിക്കുകയാണ്. ഓരോ അനുഗ്രഹത്തിനുശേഷവും നന്ദികാണിച്ചാൽ, ഈ അനുഗ്രഹങ്ങളുടെ പരമ്പര നിലച്ചുപോകുകയില്ല. ഓരോ നിഅ്മത്തിനുശേഷവും ശുക്ർ, ഓരോ ശുക്റിനുശേഷവും നിഅ്മത്ത്.

മനുഷ്യൻ നന്ദികെട്ടവനാകുകയാണെങ്കിൽ ആയിക്കൊള്ളട്ടെ. എന്നാൽ അല്ലാഹുവിന്റെ ഫള്‌ലുകളുടെയും നിഅ്മത്തുകളുടെയും ഖജനാവ് ഒരിക്കലും അവസാനിക്കുകയില്ല. ചെറിയ ചെറിയ കാര്യങ്ങളല്ലേ, ഇതിനെന്തു നന്ദികാണിക്കാനാണ് എന്ന ചിന്ത ചിലപ്പോഴുണ്ടാകാം. അങ്ങനെയാകരുത്, അതിനിസ്സാരമായ കാര്യം സാധിച്ചാലും അതിനു നന്ദികാണിക്കേണ്ടതാണ്. അതിനിസ്സാരമായ സാധനം പോലും വേണമെങ്കിൽ എന്നോടു ചോദിക്കുക എന്ന് അല്ലാഹു പറയുന്നു. ചെരുപ്പിന്റെ വാർ ആവശ്യമുണ്ടെങ്കിൽ അതും അല്ലാഹുവിനോടു ചോദിക്കാനാണ് അല്ലാഹു പറയുന്നത്. ചെരുപ്പിന്റെ വാർ പോലും അല്ലാഹുവിനോടു ചോദിക്കുന്ന സ്ഥിതി ഉണ്ടാകുകയും, അതിനുശേഷം അല്ലാഹുവിനോട് നന്ദികാണിക്കുകയും ചെയ്താൽ അല്ലാഹു പിന്നീട് നിഅ്മത്തുകളെ വർധിപ്പിച്ചുകൊണ്ടേയിരിക്കുന്നതാണ്.

ഹസ്റത്ത് നുഅ്മാൻ ബിൻ ബശീർ (റ) നിവേദനം ചെയ്യുന്നു: നബി (സ) തിരുമേനി മിമ്പറിൽ നിന്നുകൊണ്ടു പറഞ്ഞു: ചെറിയ കാര്യങ്ങൾക്ക് നന്ദികാണിക്കാത്തവൻ വലിയ അനുഗ്രഹങ്ങൾക്കും നന്ദി കാണിക്കുകയില്ല. മനുഷ്യരോട് നന്ദികാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുകയില്ല. ദൈവികാനുഗ്രഹങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത് നന്ദിപ്രകടനമാണ്. അതു പറയാതിരിക്കുന്നത് കുഫ്ർ അഥവാ നന്ദികേടാണ്. ജമാഅത്ത് ഒരനുഗ്രഹമാണ്. ഭിന്നിപ്പും ഐക്യമില്ലായ്മയും ശിക്ഷയാണ്. അതായത് പരസ്പരം ഭിന്നിച്ചുനില്ക്കൽ ശിക്ഷയാണ്. അതു മുഖേന നാശമുണ്ടാകും.

ഇതിൽ, ഒരു ജമാഅത്തിൽനിന്നുകൊണ്ട് പരസ്പരം നന്ദികാണിക്കാൻ പറഞ്ഞിരിക്കുന്നു. ഇങ്ങനെ നന്ദികാണിച്ചുകൊണ്ട് ഒരു ജമാഅത്തായി നില്ക്കുന്ന കാരണത്താൽ നിങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആർജിക്കുന്നവരുമായിത്തീരുന്നതാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: "നല്ലവണ്ണം ഓർമിച്ചുകൊള്ളുക. ആരാണോ തന്നോട് ഔദാര്യം ചെയ്ത മനുഷ്യനോട് നന്ദി കാണിക്കാത്തത് അവന് അല്ലാഹുവിനോടും നന്ദികാണിക്കാൻ കഴിയുകയില്ല. എത്രമാത്രം സുഖസൗകര്യങ്ങൾ ഇക്കാലത്ത് ലഭിച്ചിട്ടുണ്ടോ ഇതിന്റെ ഉദാഹരണങ്ങൾ എങ്ങും കിട്ടുകയില്ല. റയിൽ, കമ്പി, തപാൽ, തപാലാപ്പീസ്, പോലീസ് തുടങ്ങിയ സംവിധാനങ്ങൾ നോക്കുക. എത്രമാത്രം നേട്ടങ്ങളാണ് അതുകൊണ്ടുണ്ടാകുന്നത്. ഇന്നേയ്ക്ക് 60,70 വർഷം മുമ്പേ ഇത്തരം സംവിധാനങ്ങൾ ഉണ്ടായിരുന്നോ എന്ന് പറയുക. പിന്നീട് സ്വയം നീതിയോടെ വർത്തിക്കുക. നമ്മളിൽ ആയിരക്കണക്കിന് ഔദാര്യങ്ങൾ ഉണ്ടായിരിക്കെ നാമെന്തുകൊണ്ട് നന്ദികാണിക്കാൻ ബാധ്യസ്ഥരല്ല."

ഭരണകൂടങ്ങളാണ് ഈ സംവിധാനം നമുക്ക് ഏർപ്പെടുത്തിത്തന്നിട്ടുള്ളത്. അതുകൊണ്ട് അവരോടും നന്ദികാണിച്ചുകൊണ്ടിരിക്കേണ്ടതാണ്.

വീണ്ടും ഹസ്റത്ത് മസീഹ് മഊദ് (അ) പറയുന്നു: "*ഫദ്കുറൂനീ അദ്കുർക്കും വശ്കുറൂലീ വലാ തക്ഫുറൂൻ* " എന്റെ ദാസരേ, നിങ്ങളെന്നെ സ്മരിക്കുക. എന്നെ സ്മരിക്കുന്നതിൽ മുഴുകുക, ഞാനും നിങ്ങളെ മറക്കുകയില്ല. നിങ്ങളെ ശ്രദ്ധിക്കുന്നതാണ്. എന്നോട് നന്ദികാണിക്കുക. എന്റെ അനുഗ്രഹങ്ങളെ ആദരിക്കുക. നന്ദികേട് കാണിക്കാതിരിക്കുക. (2:153). ഈ ശുക്ർ, ഇതിന്റെ അവസാനപടി നമ്മെ അല്ലാഹുവിനോളം എത്തിക്കുന്നതാണ്. ഓരോ അഹ്മദിയുടേയും ലക്ഷ്യസ്ഥാനം ഇതുതന്നെ ആയിരിക്കേണ്ടതാണ്. ഇതു തന്നെയാണ്, ഇതിനെ സമ്പാദിക്കലായിരിക്കണം ഓരോ അഹ്മദിയുടേയും ലക്ഷ്യം. നമ്മളിലെല്ലാവരും ഇതു സമ്പാദിക്കുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്.

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: '*ലയിൻ ശകർത്തും ലഅസീദന്നക്കും വലയിൻ കഫറത്തും ഇന്ന അദാബീ ലശദീദ്.* ' ഇതിനു കൊടുത്ത വിശദീകരണത്തിൽ പറയുന്നു: എന്നോടു നന്ദികാണിക്കുന്നതായാൽ ഞാനെന്റെ അനുഗ്രഹങ്ങൾ കൂടുതലാക്കിത്തരുന്നതാണ്. നിങ്ങൾ നന്ദികേടുകാണിക്കുന്നതായാൽ എന്റെ ശിക്ഷ കഠിനതരമാണ്. അതായത്, അല്ലാഹുവിന്റെ ഔദാര്യങ്ങൾ മനുഷ്യനുണ്ടാകുമ്പോൾ അല്ലാഹുവിനോട് അവൻ നന്ദി കാണിക്കേണ്ടതാണ്. മനുഷ്യരുടെ ഇടവും വലവും ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെ ചെയ്യാതെ, തിരിച്ച് അക്രമം ചെയ്യുകയാണെങ്കിൽ അല്ലാഹു അവനിൽ നിന്ന് ആ അനുഗ്രഹങ്ങൾ തട്ടിപ്പറിച്ചെടുക്കുന്നു. ശിക്ഷ ഇറക്കുകയും ചെയ്യുന്നു. സൗമ്യതയോടും സ്നേഹത്തോടും പ്രവർത്തിക്കേണ്ടതാണ്. ഏതെങ്കിലും ഉദ്യോഗപദവിയിൽ നിയമിതനായിട്ടുള്ളവൻ, ജനങ്ങളോട്-അവർ സമ്പന്നരാവട്ടെ ദരിദ്രരാവട്ടെ- സൗമ്യതയോടും സൽസ്വഭാവത്തോടുംകൂടി പെരുമാറിക്കൊള്ളട്ടെ. കാരണം ഇതുമുഖേന അവർക്കു മാത്രമല്ല ഗുണമുണ്ടാകുന്നത് പ്രത്യുത അയാൾക്കു തന്നെ ഇതിൽ നേട്ടമുണ്ട്. അതുകൊണ്ട് പ്രവർത്തകരും സാധാരണക്കാരായ അഹ്മദികളും നന്ദികാ

ണിക്കുക എന്ന സിഫത്തിനെ സ്വായത്തമാക്കുന്നവരും അതനുസരിച്ച് പ്രവർത്തിക്കുന്നവരും തങ്ങളുടെ ജീവിതത്തെ വാർത്തെടുക്കുന്നവരാകുമ്പോഴാണ് സ്വന്തം നേട്ടങ്ങൾക്കായി ഏർപ്പാടുചെയ്യുന്നവരായിത്തീരുന്നത്. എന്തുകൊണ്ടെന്നാൽ, നന്മയുടെയും അനുഗ്രഹങ്ങളുടെയും സാധന സാമഗ്രികളും ഉണ്ടാകുന്നത് നന്ദികാണിക്കുന്നതിലൂടെയാണ്. അതുകൊണ്ട് നന്ദികാണിക്കുന്നുവെന്നുമാത്രമല്ല, തനിക്കും മറ്റുള്ളവർക്കും വേണ്ടി നന്മയും അനുഗ്രഹവും സമ്പാദിക്കുകയുമാണ് ചെയ്യുന്നത്. എന്നുമാത്രമല്ല, അല്ലാഹു ആരിലാണോ സന്തോഷവാനാകുന്നത് അവരെ നന്ദിയുള്ളവരാക്കുകയും ചെയ്യുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. അല്ലാഹു ഏതെങ്കിലും ജനതയ്ക്ക് നന്മയും അനുഗ്രഹവും നല്കാനാഗ്രഹിക്കുമ്പോൾ അവരുടെ ആയുസ്സ് വർധിപ്പിക്കുകയും നന്ദികാണിക്കേണ്ടതെങ്ങനെയെന്ന് അവരെ പഠിപ്പിക്കുകയും ചെയ്യുന്നു.

നോക്കുക, നന്ദികാണിച്ച കാരണത്താൽ അല്ലാഹുതആല ആയുസ്സിലും അനുഗ്രഹം തരുന്നു. കാരണം, അവർ നന്ദികാണിക്കുക എന്ന ഉന്നതമായ ഗുണവിശേഷത്തെ മുന്നോട്ടു വ്യാപിപ്പിക്കുന്നവരാണ്. ജനങ്ങൾ അവരിൽ നിന്ന് ലാഭം നേടുകയും ചെയ്യുന്നു. അപ്പോൾ ജനങ്ങൾക്ക് ലാഭം ഉണ്ടാക്കുന്നവരുടെ ആയുസ്സിലും അനുഗ്രഹമുണ്ടാകുന്നു.

ഹസ്റത്ത് ഉമ്മുൽമുഅ്മിനീൻ ആയിശ(റ) നിവേദനം ചെയ്യുന്നു: തന്റെ ഇരുപാദങ്ങളും വിങ്ങിവിള്ളുന്നതുവരെ നബി (സ) തിരുമേനി രാത്രി നിന്നു നമസ്കരിച്ചിരുന്നു. 'അല്ലാഹുവിന്റെ പ്രവാചകരേ! അങ്ങയുടെ മുമ്പും പിമ്പുമുള്ള തെറ്റുകുറ്റങ്ങൾ മാപ്പുചെയ്തിരിക്കെ അങ്ങെന്തിന് ഈ വിധം ചെയ്യണം' എന്ന് ഞാൻ ചോദിച്ചു. അപ്പോൾ അവിടന്ന് പറഞ്ഞു: (കാര്യം ശരിതന്നെ. പക്ഷെ) ഞാൻ നന്ദിയുള്ളവനാകാൻ എനിക്കെന്തുകൊണ്ട് ആഗ്രഹിച്ചുകൂടാ?

നോക്കുക, എങ്ങനെയാണ് നബി (സ) നന്ദി കാണിച്ചിരിക്കുന്നത്. അതുകൊണ്ട് ഞാൻ മുമ്പേ പറഞ്ഞുവന്നതുപോലെ നന്ദിയുള്ള ദാസനായിത്തീരാൻ ശ്രമിക്കേണ്ടതാണ്. നബി (സ) തിരുമേനിയുടെ ഈ കർമ്മം കണ്ടതിനുശേഷം വളരെയധികം നന്ദിയുള്ള ദാസനായിരിക്കാൻ ശ്രമിക്കേണ്ടതാണ്. ഓരോ അഹ്മദിയും തങ്ങളുടെ ആരാധനകളിൽ പ്രത്യേകം ഉത്സാഹമുണ്ടാക്കിക്കൊണ്ട് അല്ലാഹുവിന്റെ തിരുസന്നിധിയിൽ നന്ദിയുള്ളവരായി കുനിയേണ്ടതാണ്. ഇക്കാലത്ത് പ്രത്യേകമായും. കാരണം ലോകത്തെല്ലായിടത്തും കോലാഹലങ്ങളാണ്. അല്ലാഹുതആല നമ്മെ ഒരു മാലയിൽ, ഒരു ജമാഅത്തിൽ കോർത്തിണക്കിയിരിക്കുന്നു. അതിന് നാം എത്ര നന്ദികാണിച്ചാലും കുറവായിരിക്കും. അവന്റെ ആരാധകരായ ദാസരാകാൻ ശ്രമിക്കുക.

ഈ നന്ദികാണിക്കുക എന്ന വികാരത്തിന് വിധേയനായ, അല്ലാഹുവും റസൂലും (സ) കല്പിച്ചിട്ടുള്ളതുപോലെ ഞാൻ, അല്ലാഹുവിന് നന്ദി പറഞ്ഞുകൊണ്ട്, നിശബ്ദരായി ഈ ജൽസ കേൾക്കുകയും, അതിൽനിന്ന് അനുഗ്രഹം തേടുകയും, അത് ജീവിതത്തിന്റെ ഭാഗമാക്കിമാറ്റാൻ ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ആ എല്ലാ അതിഥികളോടും നന്ദി പറഞ്ഞുകൊള്ളുന്നു; അല്ലാഹുതആലാ അവരുടെ സദുദ്ദേശ്യങ്ങൾ പൂർത്തിയാക്കാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഇപ്രകാരം തന്നെ തങ്ങളുടെ വീട്ടിൽ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥികളെ പാർപ്പിച്ച ആതിഥേയർക്കും, സ്വയം മറന്നുകൊണ്ട് രാവും പകലും ഒന്നാക്കി ഹസ്റത്ത് മസീഹ്മൗഊദ് (അ) ന്റെ അതിഥികൾക്ക് സേവനം ചെയ്ത പ്രവർത്തകർക്കും പ്രവർത്തകൻമാർക്കും ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. എല്ലാ പ്രവർത്തകർക്കും, അവർ ലങ്കർഖാനയിൽ പ്രവർത്തിച്ചവരാകട്ടെ അല്ലെങ്കിൽ ശുചിത്വവിഭാഗത്തിൽ പ്രവർത്തിച്ചവരാകട്ടെ, അല്ലെങ്കിൽ വെള്ളം കുടിപ്പിക്കുന്നതിനുവേണ്ടിയുള്ള വിഭാഗത്തിൽ പ്രവർത്തിച്ചവരാകട്ടെ - ജൽസ ദിവസങ്ങളിൽ ചൂട് വളരെ കൂടുതലായിരുന്നു, നല്ല ദാഹവും അനുഭവപ്പെട്ടിരുന്നു. വെള്ളം കുടിപ്പിക്കുന്നതിന് ഡ്യൂട്ടിചെയ്തത് ചെറിയ കുട്ടികളാണ്. അവർ അത് നല്ലവണ്ണം നിർവ്വഹിച്ചു. അല്ലാഹു അവരുടെ നന്മയും ഇനിയും വർധിപ്പിക്കുമാറാകട്ടെ. റബ്വജൽസയിൽ ഈ കാഴ്ച സാധാരണ കാണാറുണ്ടായിരുന്നു- ഇപ്രകാരം തന്നെ വേറെയും പ്രവർത്തനവിഭാഗങ്ങളുണ്ട്. എം.ടി.എ യുടെ പ്രവർത്തകരുമുണ്ട് എല്ലാവരുടേയും പേരെടുത്തുപറയുക അസാധ്യമാണ്. എ ന്തായാലും എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. നന്ദിരേഖപ്പെടുത്തുന്നതിന് നബി (സ) തിരുമേനി പറഞ്ഞ ഏറ്റവും ഉത്തമമായ വാക്കുകളിൽ-ഇതുകൊണ്ട് നന്ദിയുമാകും ദുആയും ലഭിക്കും-അത് ജസാക്കല്ലാഹുഖയ്റാ എന്നതാണ്. അല്ലാഹുതആലാ എല്ലാവർക്കും ഉത്തമമായ പ്രതിഫലം നൽകുമാറാകട്ടെ.

ഈ നന്ദിയുമായി ബന്ധപ്പെട്ട് മറ്റൊരുകാര്യം കൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ജൽസയുടെ ഉപസംഹാരപ്രസംഗത്തിൽ ഞാൻ ജമാഅത്തംഗങ്ങളോട് വസിയ്യത്ത് ചെയ്യുന്നതിനെ ക്കുറിച്ചും അതിൽ ഭാഗഭാക്കുന്നതിനെ സംബന്ധിച്ചും പറഞ്ഞിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തുകളും, ജമാഅത്തംഗങ്ങൾ വ്യക്തിഗതമായ നിലയിലും ഈ പരമ്പരയിൽ വാഗ്ദാനം ചെയ്തിരിക്കുന്നു. വാഗ്ദാനം വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലാഹു അവർക്കെല്ലാവർക്കും പ്രതിഫലം നൽകുമാറാകട്ടെ. ഈ വാഗ്ദാനം എത്രയും വേഗം നിറവേറ്റാൻ അല്ലാഹു അവർക്കു തൗഫീഖ് നൽകുമാറാക ട്ട. ഞാനാഗ്രഹി

ച്ചതിനേക്കാൾ കൂടുതൽ ഈ അനുഗൃഹീത വ്യവസ്ഥിതിയിൽ അംഗങ്ങൾ ഉണ്ടാകുമാറാകട്ടെ. നല്ലരീതിയിൽ തിന്നുകയും പാനീയങ്ങൾ കുടിക്കുകയും ചെയ്യുന്ന ആളുകളെ ചിലപ്പോൾ കാണാറുണ്ട്. അവർ ജമാഅത്തിപരമായ മറ്റുപരിപാടികളിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുന്നു. എന്തെങ്കിലും പദ്ധതി വിളംബരം ചെയതാൽ അവരതിൽ മുമ്പിലുണ്ടാകും. എത്രമാത്രം അതിൽ പങ്കെടുക്കാൻ കഴിയുമോ അത്രയും അവർചെയ്യുകയും ചെയ്യും. പക്ഷെ, അവർ വസിയ്യത്ത് വ്യവസ്ഥിതിയിൽ പങ്കുചേരുന്നതിൽ നിന്ന് പിന്തള്ളപ്പെട്ടിരിക്കുകയാണ്. ഇവരിൽ നിന്നും ഒരുപാടാളുകൾ ഈ വ്യവസ്ഥതിയിൽ പങ്കെടുക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അത്തരം ആളുകൾ, അത്തരം അഹ്മദികൾ ഏറ്റവും ആദ്യം മുന്നിൽ വരേണ്ടതാണ്; അല്ലാഹു ഞങ്ങളെ അനുഗ്രഹിച്ചു. അതിനുള്ള നന്ദി എന്നനിലയിൽ ഈ വ്യവസ്ഥിതിയിൽ പങ്കുചേരുന്നു എന്ന വിചാരത്തോടെ മുന്നിൽ വരേണ്ടതാണ്; അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ കവാടം കൂടുതൽ തുറക്കുന്നതിനുവേണ്ടി അല്ലാഹു നൽകിയിട്ടുള്ള അനുഗ്രഹങ്ങൾ പ്രകടമാകേണ്ടതാണ്. ത്യാഗങ്ങളിലേക്ക് ശ്ര ദ്ധിക്കുന്നു എന്നതും പ്രകടമാകേണ്ടതാണ്.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അംറിബ്നു ശുഅയ്ബ് തന്റെ പിതാവിൽ നിന്നും പിതാമഹനിൽ നിന്നും നിവേദനം ചെയ്യുന്നു നബി (സ) പറഞ്ഞു: തന്റെ അനുഗ്രഹങ്ങളുടെ അടയാളം തന്റെ ദാസരിൽ കാണുന്നത് അല്ലാഹുവിന് വലിയ ഇഷ്ടമാണ്. അതുകൊണ്ട് സ്വന്തം നിലയിലും കുടുംബത്തിലും ഈ പ്രഭാവം കാണിക്കുന്നതുപോലെ ത്യാഗങ്ങളിലും അതുകാണിക്കേണ്ടതാണ്. വല്ലപ്പോഴും ചെയ്യുന്ന ത്യാഗങ്ങൾ പ്രകടനമല്ല. മറിച്ച് അല്ലാഹുവിനോട് കൂടുതൽ നന്ദി കാണിക്കുന്നതിനും അനുഗ്രഹങ്ങൾ ഉണ്ടാകുന്നതിനും വേണ്ടി പരമ്പരയായിട്ട് ചെയ്യുന്ന ത്യാഗങ്ങളുടെ വെളിപ്പെടുത്തലുണ്ടാകേണ്ടതാണ്.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: "പരിപൂർണ്ണവും തികവുറ്റതുമായ വിശ്വാസങ്ങളുടെ ശരിയായ വഴി നമുക്ക് നമ്മുടെ നബികരീം (സ) മുഖേന, പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഒന്നും കൂടാതെ കാണിച്ചുതന്നിരിക്കുന്നു എന്നത് അല്ലാഹുവിന്റെ നിറവാർന്ന അനുഗ്രഹമാണ്. ആ വഴി നിങ്ങൾക്ക് ഇക്കാലത്ത് കാണിക്കപ്പെട്ടിരിക്കുന്നു. ധാരാളം ആലിമീങ്ങൾ ഇതിൽ നിന്ന് പിന്തള്ളപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ഈ ഫള്ലിനും നിഅ്മത്തിനും അവന് ശുക്റ് ചെയ്യുക. ആ ശുക്റ് എന്നു പറയുന്നത് ശരിയായ വിശ്വാസത്തിനു ശേഷം രണ്ടാമത്തെ ഭാഗത്തുവരുന്ന സൽകർമങ്ങൾ സത്യ ഹൃദയത്തോടെ അനുഷ്ഠിക്കുക എന്നതാണ്. അല്ലാഹു ഈ ശരിയായ വിശ്വാസത്തിൽ ഉറപ്പിച്ചുനിറുത്തുന്നതിനും സൽകർമ്മങ്ങൾ അനുഷ്ഠിക്കാൻ തൗഫീഖ് കിട്ടുന്നതിനും വേണ്ടി സ്വന്തം പ്രവർത്തനപരമായ അവസ്ഥയിൽ നിന്ന് പ്രയോജനമെടുത്ത് ദുആ ചെയ്യുക. ഇബാദത്തിന്റെ ഭാഗങ്ങളിൽ നോമ്പ്, നമസ്ക്കാരം, സക്കാത്ത് തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുന്നു."

അല്ലാഹുവിനോട് നന്ദിയുള്ള ദാസരായി കൊണ്ട് നമ്മളും ഈ കർമങ്ങൾ അനുഷ്ഠിക്കുന്നവരായിത്തീരാൻ അവൻ തന്നെ നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. ഞാൻ പറഞ്ഞതുപോലെ ഈ വസിയത്ത് വ്യവസ്ഥിതിയും, ബുദ്ധിയേയും ധനത്തേയും പരിശുദ്ധമാക്കുന്നതിനുള്ള മാർഗ്ഗമാണ്. അതിന്റെ അർത്ഥം ചില മുസ്ലീംകൾ ചെയ്യുന്നതുപേലെ തെറ്റായ രീതിയിൽ ധനം സമ്പാദിക്കുകയും ബസാറിൽ വെള്ളം കുടിപ്പിക്കാൻ വേ ണ്ടി രണ്ടു വീപ്പവെക്കുകയും അല്ലെങ്കിൽ പള്ളിപണിയുകയും പള്ളിയുടെ കുറച്ചുഭാഗം പണിയുകയും ചെയ്യുക എന്നതല്ല. അല്ലെങ്കിൽ ഹജ്ജ് ചെയ്തിട്ട് തങ്ങളുടെ ധനം പരിശു ദ്ധമായി എന്നുകരുതന്നതുപോലെയുമല്ല. അത്തരമാളുകൾ ദീനിനെ പരിഹസിക്കുന്നവരാണ്. ഇവിടെ പരിശുദ്ധമാക്കുക എന്നതിന്റെ അർത്ഥം, പരിശുദ്ധമായ വഴിയിലൂടെ സമ്പാദിച്ച ധനം, പരിശുദ്ധമായ ഉദ്ദേശ്യങ്ങൾക്കുവേ ണ്ടി ചിലവഴിക്കുമ്പോൾ, നിങ്ങളുടെ ഉള്ളിൽ ആത്മീയമായ മാറ്റമുണ്ടാകുകയും, നിങ്ങളുടെ ജീവനിലും ധനത്തിലും അതിരറ്റ അനുഗ്രഹമുണ്ടാകുകയും ചെയ്യും എന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) അൽവസിയത്ത് എന്നഗ്രന്ഥത്തിൽ ദുആചെയ്തതുപോലെ. അവിടന്ന് ഈ വസിയത്തിൽ പങ്കെടുക്കുന്നവരെ പുണ്യവാൻമാരുടേയും പരിശുദ്ധൻമാരുടേയും ജമാഅത്താക്കേണമേ എന്ന് മൂന്ന് പ്രാവശ്യം ദുആ ചെയ്തു. വളരെ ചുരുക്കി ഇന്നുഞാൻ ഇത്രമാത്രം പറയാനാണ് ആഗ്രഹിക്കുന്നത്. ജൽസ അനുഗ്രഹീതമായതിന് നിങ്ങൾ ശുക്ർ ചെയ്തു. ശുക്ർ ചെയ്തുകൊണ്ടിരിക്കുകയുമാണ്. അതോടൊപ്പം ഈ ശുക്ർ പ്രവർത്തിച്ചു കാണിക്കുകയും ചെയ്യുക. ഈ വ്യവസ്ഥതിയിൽ ചേരുന്നവർ തഖ്‌വയിൽ അഭിവൃദ്ധിപ്പെടുമ്പോൾ അത് ജമാഅത്തിന്റെ കെട്ടുറപ്പിനും കാരണമാകും. ഹസ്റത്ത് മസീഹ് മൗഊദ് (അ) അൽവസിയത്ത് എന്ന ഗ്രന്ഥത്തിൽ രണ്ടുകാര്യങ്ങളെക്കുറിച്ച് പറയുകയുണ്ടായി. ഒന്ന്, അവിടത്തെ വേർപാടിനു ശേഷം ഖിലാഫത്തു വ്യവസ്ഥതിയുടെ തുടക്കം. രണ്ട്, തന്റെ മരണത്തെക്കുറിച്ച് അല്ലാഹുവിൽ നിന്ന് അറിയിപ്പുകിട്ടിയപ്പോൾ, ജമാഅത്തംഗങ്ങളിൽ തഖ്‌വ ഉണ്ടാക്കുന്നതിനും അതിൽ അഭിവൃദ്ധിപ്പെടുന്നതിനും നല്ലതും ചീത്തയും തമ്മിൽ വേർതിരിച്ചറിയുന്നതിനും അങ്ങനെ ജമാഅത്തിന്റെ സാമ്പത്തികാവശ്യങ്ങളും നല്ല നിലയിൽ പൂർത്തിയാകുന്നതിനും വേണ്ടി ഒരുവ്യവസ്ഥിതിയ്ക്ക് തുടക്കം കുറിക്കുന്നുവെന്നുള്ള ചിന്ത. അതിനുവേ ണ്ടിയാണ് വസിയ്യത്ത്

വ്യവസ്ഥിതി തുടങ്ങിയത്. ഇതിന്റെ അടിസ്ഥാനത്തിൽ ഞാൻ മുമ്പേപറഞ്ഞതുപോലെ എന്റെ ദൃഷ്ടിയിൽ ജമാഅത്ത് വ്യവസ്ഥിതിയും വസിയ്യത്ത് വ്യവസ്ഥിതിയും തമ്മിൽ അഗാധമായ ബന്ധമുണ്ട്. ആവശ്യങ്ങളനുസരിച്ച് ഖലീഫമാർ മുമ്പേ പദ്ധതികൾ വിളംബരം ചെയ്തതുപോലെ വരും കാലങ്ങളിലും ചെയ്യണമെന്ന് നിർബന്ധമില്ല. ഇപ്പോൾ വസിയ്യത്ത് വ്യവസ്ഥിതി പ്രവർത്തന നിരതമാകേണ്ടതാണ്. നൂറുവർഷത്തിനുശേഷം തഖ്‌വയുടെ തോത് താഴേക്കുപോകുന്നതിനു പകരം, നിലനിൽക്കുക എന്നുമാത്രമല്ല അതു വർധിക്കേണ്ടതാണ്. തങ്ങളുടെ ഉള്ളിൽ ആത്മീയമാറ്റം ഉണ്ടാക്കുന്നവരും ത്യാഗങ്ങൾ ചെയ്യുന്നവരും ഉണ്ടായിക്കൊണ്ടിരിക്കണം. അതായത് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിർവഹിക്കുന്നവരും അല്ലാഹുവിനോട് നന്ദികാണിക്കുന്ന ദാസന്മാരും ഉണ്ടായിക്കൊ ണ്ടിരിക്കണം. ഇങ്ങനെ ഈ തോത് നിലനിന്നാൽ ഇൻശാഅല്ലാഹ് ഖിലാഫത്തും നിലനിൽക്കും. ജമാഅത്തിന്റെ ആവശ്യങ്ങളും പൂർത്തിയായിക്കൊണ്ടിരിക്കും. കാരണം മുത്തഖികളുടെ ജമാഅത്തുമായി ട്ട് ഖിലാഫത്തിന് വലിയബന്ധമാണുള്ളത്. അല്ലാഹുതആല ജമാഅത്തിന് ഇതിനുള്ള ഭാഗ്യം നൽകുമാറാകട്ടെ. ഖിലാഫത്തെന്ന നിഅ്മത്തിന് ശുക്ർ ചെയ്യുന്നവർ എന്നെന്നും ഉണ്ടായിക്കൊണ്ടിരിക്കുമാറാകട്ടെ. ദീനിനെ മറന്നുകൊണ്ട് ദുൻ യാവിൽ മുഴുകാതിരിക്കുക.

ഹസ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: "ഭാഗ്യശാലി പരാജയത്തിനുശേഷം വിജയം വരിച്ച് അധികം ഭാഗ്യശാലിയായിത്തീരുന്നു. അല്ലാഹുവിലുള്ള വിശ്വാസം വർധിക്കുന്നു. (അതായത് വീഴ്ച സംഭവിച്ചാൽ, പിന്നീട് കൂടുതൽ ഭാഗ്യമുണ്ടാകും) എന്റെ അല്ലാഹു എത്രനല്ലവനാണെന്നു ചിന്തിക്കുമ്പോൾ അവന് ഒരാനന്ദമുണ്ടാകുന്നു. ലൗകികവിജയം ദൈവത്തെ തിരിച്ചറിയുന്നതിനുള്ള ഒരു സൂത്രമായിത്തീരുന്നു. അത്തരം ആളുകൾക്ക് ഈ ലൗകികവിജയം യഥാർത്ഥവിജയത്തിന്റെ - ഇതിനെ ഇസ്‌ലാമികമായ സാങ്കേതികാർത്ഥത്തിൽ ഫലാഹ് എന്നാണ് പയുന്നത് - ഒരുമാർഗ്ഗമായിത്തീരുന്നു. ഞാൻ നിങ്ങളോട് സത്യമായും പറയുന്നു: യഥാർത്ഥവഴി ദുൻയാവിലോ ദുൻയാവിലെ വസ്തുക്കളിലോ ഇല്ല. വാസ്തവമെന്താണെന്നുവെച്ചാൽ ദുൻയാവിലെ ഏതു വകുപ്പുകളെ നോക്കിയാലും മനുഷ്യന് സത്യവും എന്നെന്നും നിലനിൽക്കുന്നതുമായ സന്തോഷം കരസ്ഥമാക്കാനൊക്കുകയില്ല. കൂടുതൽ സമ്പത്തുള്ളവർ എപ്പോഴും സന്തോഷിച്ചിരിക്കുന്നതു നിങ്ങൾ കാണുന്നുണ്ടല്ലോ. എന്നാൽ യഥാർത്ഥത്തിൽ അവരുടെ അവസ്ഥയെന്താണ്? അവരുടെ അവസ്ഥ പരട്ടചൊറിപിടിച്ചവരെപ്പോലെയാണ്. അതു ചൊറിയുമ്പാൾ സുഖമുണ്ടാകും. (പരട്ടചൊറി പിടിച്ചവൻ ചൊറിഞ്ഞുകൊണ്ടിരിക്കുമ്പോൾ അവന് നല്ല സുഖമുണ്ടായിക്കൊണ്ടിരിക്കും.) എന്നാൽ ആ ചൊറിച്ചിലിന്റെ അവസാനഫലമെന്താണ്? ചോരയൊലിക്കാൻതുടങ്ങുന്നു എന്നതുതന്നെ. അതുകൊണ്ട് യഥാർത്ഥവിജയത്തിൽനിന്ന് ദൂരത്താകും വിധം ലൗകികവും താല്ക്കാലിക വുമായ വിജയത്തിൽ സന്തോഷിക്കാതിരിക്കുക. മറിച്ച് ആ വിജയങ്ങളെ ദൈവത്തെ തിരിച്ചറിയാനുള്ള ഒരു മാർഗ്ഗമാക്കിത്തീർക്കുക. സ്വന്തം തന്റേടത്തിലും പരിശ്രമത്തിലും അഹങ്കരിക്കാതിരിക്കുക. ഈ വിജയം നമ്മുടെ എന്തെങ്കിലും കഴിവുകൊണ്ടോ അധ്വാനം കൊണ്ടോ ഉണ്ടായതാണെന്ന് മനസ്സിലാക്കാതിരിക്കുക. പ്രത്യുത, ആ കാരുണ്യവാനായ അല്ലാഹു ഓരോരുത്തരുടേയും സത്യമായ അധ്വാനത്തെ പാഴാക്കികളയുകയില്ലെന്നുള്ള കാര്യത്തിൽ ചിന്തിക്കുക. നമ്മുടെ അധ്വാനത്തെ പരിഗണിച്ചു."

വീണ്ടും അവിടന്ന് പറഞ്ഞു: അതുകൊണ്ട് നിർബന്ധവും അത്യാവശ്യവുമായ കാര്യം ഓരോ വിജയവും ഉണ്ടാകുമ്പോഴും സത്യവിശ്വാസി അല്ലാഹുവിന്റെ മുന്നിൽ ശുക്ർ ചെയ്ത് സുജൂദ് ചെയ്യുക എന്നതാണ്. കാരണം അവൻ അധ്വാനം പാഴാക്കിക്കളഞ്ഞില്ല. ഈ ശുക്റിന്റെ ഫലമായി അല്ലാഹുവിനോടുള്ള സ്നേഹം കൂടുകയും ഈമാൻ വർധിക്കുകയും ചെയ്യും. ഇതു മാത്രമല്ല, വേറെയും വിജയങ്ങൾ ഉണ്ടാകുന്നതാണ്. കാരണം അല്ലാഹു പറയുന്നത്, നിങ്ങൾ എന്റെ നിഅ്മത്തിന് ശുക്ർ ചെയ്യുകയാണെങ്കിൽ, ഞാൻ നിഅ്മത്തുകൾ വർധിപ്പിക്കുമെന്നാണ്. നിഅ്മത്തിന് നന്ദികേടുകാണിക്കുകയാണെങ്കിൽ ഓർമിക്കുക കഠിനമായ ശിക്ഷയിൽ അകപ്പെടുന്നതാണ്. ഈ നിയമം എന്നെന്നും ഓർമിച്ചുകൊള്ളുക: സത്യവിശ്വാസിക്കുണ്ടാകുന്ന ഓരോ വിജയത്തിലും അവൻ ലജ്ജിതനാകുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യുന്നു. കാരണം അല്ലാഹുവാണ് അനുഗ്രഹം ചെയ്തത്. ഇതാണ് സത്യവിശ്വാസിയുടെ പ്രവൃത്തി. ഇങ്ങനെ അവൻ ഓരോ ചുവടും മുന്നോട്ടു വയ്ക്കുന്നു. ഓരോ പരീക്ഷണത്തിലും ഉറച്ചു നിന്നുകൊണ്ട് വിശ്വാസം പ്രാപിക്കുന്നു. ഹിന്ദുവിന്റെയും സത്യവിശ്വാസിയുടെയും വിജയം ഒരുതരത്തിൽ സാദൃശ്യമായിരിക്കും. എന്നാൽ, അവിശ്വാസിയുടെ വിജയം വഴികേടിന്റെ മാർഗ്ഗമാണെന്ന കാര്യം ഓർക്കുക. സത്യവിശ്വാസിയുടെ വിജയം അവനുവേണ്ടി നിഅ്മത്തുകളുടെ കവാടം തുറക്കുന്നു. അവിശ്വാസിയുടെ വിജയം വഴികേടിലേക്ക് കൊണ്ടുപോകുന്നത് അവൻ അല്ലാഹുവിലേക്ക് തിരിയുന്നില്ല എന്നതുകൊണ്ടാണ്. പ്രത്യുത അവൻ തന്റെ അധ്വാനത്തേയും ബുദ്ധിവൈഭവത്തേയും കഴിവിനേയും ദൈവമാക്കുകയാണ് ചെയ്യുന്നത്. എന്നാൽ സത്യവിശ്വാസി അല്ലാഹുവിലേക്ക് തിരിഞ്ഞുകൊണ്ട് അല്ലാഹുവിൽനിന്ന് പുതിയൊരു

അറിവ് നേടുന്നു. ഇങ്ങനെ ഓരോ വിജയത്തിനു ശേഷവും അവൻ ദൈവവുമായി പുതിയൊരു ഇടപാട് തുടങ്ങുന്നു. അത് കൂടാൻ തുടങ്ങുന്നു. മിക്ക ആളുകളുടെയും അവസ്ഥകൾ ഗ്രന്ഥങ്ങളിൽ രേഖപ്പെട്ടുകിടക്കുന്നുണ്ട്. അവർ ആദ്യം അല്ലാഹുവുമായി ബന്ധം വെച്ചിരുന്നു. അഗാധമായ ബന്ധം വെച്ചിരുന്നു. അവർ ദുആ ചെയ്തു. അതു സ്വീകരിക്കപ്പെടുകയും ചെയ്തു. അതിനുശേഷം അവരുടെ അവസ്ഥ മാറിപ്പോയി. അതുകൊണ്ട് നിങ്ങളുടെ ദുആയിലും അതിന്റെ സ്വീകാര്യത്തിലും അഹങ്കരിക്കരുത്. മറിച്ച് അല്ലാഹുവിന്റെ അനുഗ്രഹത്തേയും അവന്റെ ഔദാര്യത്തേയും മാനിക്കുക. വിജയമുണ്ടാകുമ്പോൾ തന്റേടത്തിലും ഉത്സാഹത്തിലും ഒരു പുതുജീവനുണ്ടാകുന്നുവെന്നത് ഒരു തത്വമാണ്. ഈ ജീവിതത്തിൽനിന്ന് ഫലമെടുക്കേണ്ടതാണ്. അതുമുഖേന മഅ്രിഫത്തിൽ, ഈശ്വരജ്ഞാനത്തിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. കാരണം പ്രയോജനപ്പെടുന്ന ഏറ്റവും വലിയ ആരാധന, ഈ ഈശ്വരജ്ഞാനം മാത്രമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്തിലും ഔദാര്യത്തിലും ചിന്തിക്കുന്നതുകൊണ്ടാണ് ഇതുണ്ടാകുന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്തെ തടയാൻ ആർക്കും സാധ്യമല്ല. ഇതിൽ വിശ്വാസമുണ്ടെങ്കിൽ അല്ലാഹുവുമായിട്ടുള്ള പ്രവൃത്തിയിൽ തഖ്വ സ്വായത്തമാക്കുക. വിജയങ്ങളുടെയും സന്തോഷങ്ങളുടെയും അവസരങ്ങളിൽ തഖ്വ സ്വായത്തമാക്കുന്നവനാണ് ഭാഗ്യവാൻ. വഞ്ചിതനായിക്കൊണ്ട് അവനിലേക്ക് കുനുയാത്തവനാണ് നിർഭാഗ്യവാൻ.

വീണ്ടും ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: നിങ്ങളുടെ യഥാർത്ഥ ശുക്ർ ഭയഭക്തിയും പരിശുദ്ധിയുമാണ്. മുസ്ലീമാണോ എന്നു ചോദിക്കുമ്പോൾ അൽഹംദുലില്ലാഹ് എന്നു പറയുന്നത് യഥാർത്ഥ ഗുണമോ നന്ദികാണിക്കലോ അല്ല. യഥാർത്ഥത്തിൽ നിങ്ങൾ തഖ്വയുടെയും പരിശുദ്ധിയുടെയും മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഞാൻ നിങ്ങളെ സുവാർത്ത അറിയിക്കുകയാണ്, നിങ്ങൾ അതിർത്തിയിലാണ് നില്ക്കുന്നത്. നിങ്ങളെ അതിജയിക്കാൻ ആർക്കും സാധ്യമല്ല.

അല്ലാഹു തആല നമ്മെ എപ്പോഴും നന്ദികാണിക്കുന്ന ദാസരാക്കിത്തീർക്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവരാക്കിത്തീർക്കുമാറാകട്ടെ. തഖ്വയുടെ മാർഗ്ഗത്തിൽ ചലിച്ചുകൊണ്ട് അതിനിസ്സാരമായ നന്മ മുതൽ വലിയ വലിയ നന്മകൾ വരെ ലഭിക്കുമ്പോൾ എപ്പോഴും അല്ലാഹുവിന്റെ സന്നിധിയിൽ കുനിയുന്നവരാക്കിത്തീർക്കുമാറാകട്ടെ. അവനോടു നന്ദികാണിക്കുന്നവരായി എന്നെന്നും നിലനിറുത്തട്ടെ. എപ്പോഴും നന്ദികാണിക്കുന്ന ദാസരായിരിക്കാൻ ഭാഗ്യം നല്കുമാറാകട്ടെ. ജമാഅത്ത് വ്യവസ്ഥിതിയ്ക്കും ഖിലാഫത്തു വ്യവസ്ഥിതിക്കും അല്ലാഹുവിനോട് നന്ദികാണിച്ചുകൊണ്ടിരിക്കുമാറാകട്ടെ. അതിനുവേണ്ടി ത്യാഗങ്ങൾ വരിച്ചുകൊണ്ടിരിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹു ഇതിനെല്ലാം നമുക്ക് സൗഭാഗ്യം നല്കുമാറാകട്ടെ.

---

വിവർത്തനം : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ

JUMUA KHUTHBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 6- 08- 2004 at
Baithul Futuh
London

Page Layout & Type Set : Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**